"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - 2026 ജൂൺ , ജൂലൈ മാസങ്ങളിൽ വിതരണം ചെയ്ത സാമൂഹ്യ സുരക്ഷ പെൻഷൻ - IFSC കോഡിൽ വ്യത്യാസം വന്നതുമൂലം 482 ഗുണഭോക്താക്കൾക്ക് മുടങ്ങിയ പെൻഷൻ തുക പുനർവിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്

സ.ഉ.(സാധാ) നം.8912/2026/FIN തീയതി,തിരുവനന്തപുരം, 20-11-2026

പരാമർശം:-
1. സ.ഉ (സാധാ) നം.5192/2026/ധന തീയതി :23.06.2026
2. സ.ഉ (സാധാ) നം.5939/2026/ധന തീയതി :23.07.2026
3. പഞ്ചായത്ത് ഡയറക്ടറുടെ 06.11.2026 തീയതിയിലെ LSGD/PD/15620/2026-SSP2 നമ്പർ കത്ത്

ഉത്തരവ്

2026 ജൂൺ, ജൂലൈ മാസങ്ങളിലെ സാമൂഹ്യ സുരക്ഷ പെൻഷൻ യഥാക്രമം പരാമർശം (1), (2) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ IFSC കോഡിലെ വ്യത്യാസം കാരണം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ ബാങ്ക് ഓഫ് ബറോഡയിൽ അക്കൗണ്ടുള്ള 132 ഗുണഭോക്താക്കൾക്ക് 2026 ജൂലൈ മാസത്തെ പെൻഷനും, സെൻട്രൽ ബാങ്കിൽ അക്കൗണ്ടുള്ള 336 ഗുണഭോക്താക്കളിൽ ഭൂരിപക്ഷം ഗുണഭോക്താക്കൾക്ക് 2026 ജൂലൈ മാസത്തെ പെൻഷനും ചില ഗുണഭോക്താക്കൾക്ക് 2026 ജൂൺ, ജൂലൈ മാസങ്ങളിലെ പെൻഷനും മുടങ്ങിയിട്ടുള്ളതായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരിക്കുന്നു. 7 ഗുണഭോക്താക്കൾ പെൻഷൻ തുക മുടങ്ങിയത് കാരണം ബാങ്ക് ഓഫ് ബറോഡ, സെൻട്രൽ ബാങ്ക് എന്നിവിടങ്ങളിലെ ബാങ്ക് അക്കൗണ്ട് മാറ്റി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക് ,സൗത്ത് ഇന്ത്യൻ ബാങ്ക് എന്നിവിടങ്ങളിൽ പുതിയ അക്കൗണ്ട് ആരംഭിച്ചുവെന്നും ബാങ്ക് അക്കൗണ്ടുള്ള 475 ഗുണഭോക്താക്കൾക്ക് ജൂൺ, ജൂലൈ മാസത്തെ പെൻഷൻ മുടങ്ങിയിട്ടുണ്ടെന്നും 7 ഗുണഭോക്താക്കൾ പെൻഷൻ തുക മുടങ്ങിയത് കാരണം ബാങ്ക് അക്കൗണ്ട് മാറ്റി വിതരണ രീതി സഹകരണ സംഘം വഴി ആക്കിയെന്നും അതിനാൽ ആകെ 482 ഗുണഭോക്താക്കൾക്ക് പെൻഷൻ മുടങ്ങിയെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2]. അതിൻപ്രകാരം 2026 ജൂൺ, ജൂലൈ മാസങ്ങളിലെ പെൻഷൻ മുടങ്ങിയ ഗുണഭോക്താക്കൾക്ക് പുനർവിതരണം നടത്തുന്നതിലേക്കു വേണ്ടി ആകെ 482 ഗുണഭോക്താക്കൾക്ക് 10,91000/- രൂപ (പത്ത് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരം രൂപ മാത്രം) (ബാങ്ക് വഴി 475 ഗുണഭോക്താക്കൾക്ക് 10,75,000/-രൂപയും സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ട് 7 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിലേക്ക് 16,000/- രൂപയും) ആവശ്യമായി വരുമെന്ന് അറിയിച്ചിരിക്കുന്നു.

3]. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 ജൂൺ, ജൂലൈ മാസങ്ങളിൽ സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്തപ്പോൾ IFSC കോഡിലെ വ്യത്യാസം കാരണം പെൻഷൻ മുടങ്ങിയ 482 ഗുണഭോക്താക്കൾക്ക് പുനർവിതരണം നടത്തുന്നതിലേക്കു വേണ്ടി വരുന്ന ആകെ ആവശ്യമായ 10,91,000/- രൂപ (പത്ത് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരം രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിലെ അക്കൗണ്ടിൽ (അക്കൗണ്ട് നം. 67234515304) നീക്കിയിരിപ്പുള്ള തുകയായ 77,55,100/- രൂപയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകുന്നു. ഈ തുകയിൽ, സഹകരണ സ്ഥാപനങ്ങൾ വഴിനേരിട്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള തുകയായ 16,000/- രൂപ (പതിനാറായിരം രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്ക് വേണ്ടി വെള്ളയമ്പലം സബ് ട്രഷറിയിൽ തുടങ്ങിയിട്ടുള്ള സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലേക്ക് മാറ്റുന്നതിനും (അക്കൗണ്ട് നം.799012100000001), ആ അക്കൗണ്ട് വഴി പെൻഷൻ ഗുണഭോക്താക്കൾക്ക് തുക വിതരണം നടത്തേണ്ടതുമാണ്. ഓരോ ഇനം സാമൂഹ്യ സുരക്ഷ പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിശദാംശങ്ങൾ ഈ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുരേഷ് കുമാർ ഒ ബി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Digitally signed by Nirmala N
Date: 20-11-2026 17:12:55
സെക്ഷൻ ഓഫീസർ

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

ഡയറക്ടർ (ട്രഷറൽ), പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ

തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്

ധനകാര്യ (എസ് എസ്) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം

വിവര പൊതുജന സമ്പർക്ക വകുപ്പ്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)

(ഫയൽ നം. 3467680/എസ് എഫ് സി ബി1/77/2026/ധന)

അനുബന്ധം

2026 ജൂൺ, ജൂലൈ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങിയ ഗുണഭോക്താക്കളുടെ പുനർവിതരണത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ

പ്രാദേശിക സർക്കാർ	പെൻഷൻ ഇനം	ബാങ്ക് (രൂപ)		ഡയറക്ട് ടു ഹോം (രൂപ)		ആകെ (രൂപ)	
		എണ്ണം	തുക	എണ്ണം	തുക	എണ്ണം	തുക
	കർഷക തൊഴിലാളി പെൻഷൻ	1	4000	0	0	1	4000
	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	64	122600	3	6000	67	128600
	ഇന്ദിരാഗാന്ധി ദേശീയ ഭിന്നശേഷി പെൻഷൻ	7	14000	1	2000	8	16000

മുനിസിപ്പാലിറ്റി							
	50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ	4	10000	0	0	4	10000
	ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ	15	32800	0	0	15	32800
	ആകെ	91	183400	4	8000	95	191400
മുനിസിപ്പൽ കോർപ്പറേഷൻ	കർഷക തൊഴിലാളി പെൻഷൻ	1	4000	0	0	1	4000
	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	35	78400	0	0	35	78400
	ഇന്ദിരാഗാന്ധി ദേശീയ ഭിന്നശേഷി പെൻഷൻ	10	26300	0	0	10	26300
	50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ	1	4000	0	0	1	4000
	ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ	23	60000	0	0	23	60000
		70	172700	0	0	70	172700

	ആകെ						
ഗ്രാമപഞ്ചായത്ത്	കർഷക തൊഴിലാളി പെൻഷൻ	12	30000	1	2000	13	32000
	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	200	434500	2	6000	202	440500
	ഇന്ദിരാഗാന്ധി ദേശീയ ഭിന്നശേഷി പെൻഷൻ	34	96000	0	0	34	96000
	50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ	2	4000	0	0	2	4000
	ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ	66	154400	0	0	66	154400
	ആകെ	314	718900	3	8000	317	726900
ആകെ മൊത്തം		**475**	**1075000**	**7**	**16000**	**482**	**1091000**